പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 334 — 07.08.2017 -ൽ മറുപടിക്ക്.

## റേഷൻ കടകളിൽ പുഴക്കലരി

| ചോദ്യം<br>**ശ്രീ.ജോർജ് എം. തോമസ്** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| **(എ)** പഞ്ഞമാസങ്ങളായ വർഷകാലത്ത് കോഴിക്കോട് ജില്ലയിലെ മിക്ക റേഷൻ കടകളിലും പച്ചരി മാത്രം വിതരണം ചെയ്യാനിടയായത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | **(എ)** കോഴിക്കോട് ജില്ലയിലേക്ക് റേഷൻ ഭക്ഷ്യധാന്യ വിതരണം നടത്തുന്ന തിക്കോടി, വെസ്റ്റ്ഹിൽ എഫ്.സി.ഐ ഡിപ്പോകളിൽ നിന്ന് കഴിഞ്ഞ ചില മാസങ്ങളിൽ വിതരണത്തിനായി വിട്ടുകിട്ടിയിട്ടുള്ളതിൽ അധികവും പച്ചരിയാണ്. വിട്ടെടുപ്പ് സമയബന്ധിതമായി പൂർത്തിയാക്കേണ്ട സാഹചര്യത്തിൽ വാഗണിൽ നിന്നും നേരിട്ട് വിട്ടെടുക്കേണ്ടി വന്നിരുന്നു. ഇപ്രകാരം വാഗണിൽ നിന്ന് നേരിട്ട് വിട്ടെടുക്കേണ്ടി വന്ന സാഹചര്യത്തിലാണ് കൂടുതൽ പച്ചരി ലഭ്യമായത്. എന്നാൽ ജില്ലയിലെ ആഗസ്റ്റ് മാസത്തിലെ അരിവിഹിതത്തിൽ 70 ശതമാനം പുഴക്കലരിയും 30 ശതമാനം പച്ചരിയുമാണ് ലഭിച്ചിട്ടുള്ളത്. എഫ്.സി.ഐ ഡിപ്പോകളിൽ ലഭ്യമാകുന്ന സ്റ്റോക്ക് നിലയനുസരിച്ചാണ് വിതരണം ക്രമപ്പെടുത്തുന്നത്. |
| **(ബി)** ആവശ്യത്തിന് പുഴക്കലരി റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ? | **(ബി)** ജില്ലയിൽ പുഴക്കലരി റേഷൻ കടകൾ വഴി വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആഗസ്റ്റ് മാസത്തേക്ക് വിതരണം ചെയ്യാനായി വിട്ടെടുത്ത ഭക്ഷ്യധാന്യങ്ങളിൽ പുഴക്കലരി ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ